പരാതി സംഗതി –BPIDK30601000046

**പരിശോധന റിപ്പോർട്ട്**

അറക്കുളം ഗ്രാമപഞ്ചായത്തിലെ 13/372, 13/373, 13/376, 13/377, 13/378, 13/379, 13/380, 13/381, 13/382, 13/383, എന്നി നമ്പരുകളോടു കൂടിയ മുറികൾ ഉൾപ്പെട്ട കെട്ടിട സമുച്ചയം ജോർജ്ജ് പീറ്റർ & മേഴ്സി പീറ്റർ കഴിക്കൊമ്പിൽ ഇലഞ്ഞി എന്നിവരുടെ ഉടമസ്ഥതയിൽ നിന്നും സിസിലി ജിജി & ജിജി സ്കറിയ,എടക്കര വീട്, പുലിയന്നൂർ, പാല എന്നിവരുടെ ഉടമസ്ഥതയിലേക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാററി നൽകിയിട്ടുണ്ട്. ജോർജ്ജ് പീറ്റർ ആന്റ് മേഴ്സി പീറ്റർ എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്ന സമയത്ത് ടി കെട്ടിടസമുച്ചയത്തിൽ ഇതിനകം നമ്പർ ലഭിച്ചിട്ടില്ലാത്ത മറ്റു മുറികൾക്ക് നമ്പർ ലഭിക്കുന്നതിനു വേണ്ടി ബഹു സർക്കാർഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള റഗുലറൈസേഷൻ നടപടികൾക്കു വേണ്ടി 13.03.2024 ൽ മുൻ ഉടമസ്ഥരായിരുന്ന ജോർജ്ജ് പീറ്റർ & മേഴ്സി പീറ്റർ അറക്കുളം ഗ്രാമപഞ്ചായത്തിലെ 1240100585/G060503ാം നമ്പർ രസീതായി ബിൽഡിംഗ് റഗുലറൈസേഷനൻ ആപ്ലിക്കേഷൻ ഫീസ് ഇനത്തിൽ 1,10,929/-രൂപ അടവാക്കിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ അറക്കുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി റഗുലറൈസേഷനുവേണ്ടി അപേക്ഷകർ സമർപ്പിച്ച ഫയൽ തുടർ നടപടികൾക്കായി ജില്ലാ ടൌൺ പ്ലാനർക്കു കൈമാറുകയും ഇപ്രകാരം കൈമാറിക്കിട്ടിയ ഫയലിൽ ജില്ലാ ടൌൺ പ്ലാനർ പ്രാഥമിക പരിശോധന നടത്തി 10.10.2024 തീയതിയിലെ LSGD/JD/IDK/3716/2024-G2 നമ്പരായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് തുടർ നിർദ്ദേശങ്ങൾ നൽകിയിട്ടുമുണ്ട്. ഇതിനിയടിൽ ജോർജ്ജ് പീറ്റർ ആന്റ് മേഴ്സി പീറ്റർ ടി കെട്ടിട സമുച്ചയം സിസിലി ജിജി & ജിജി സ്കറിയ എന്നിവർക്ക് വിൽക്കുകയും രേഖകൾ പരിശോധിച്ച് മേൽ പറഞ്ഞ നമ്പറോടുകൂടിയ കെട്ടിടങ്ങളുടെ അവകാശം സിസിലി ജിജി & ജിജി സ്കറിയ എന്നിവർക്ക് മാറ്റി നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സിസിലി ജിജി & ജിജി സ്കറിയ ജില്ലാ ടൌൺ പ്ലാനർ മേൽ സൂചന കത്തിലെ നിർദ്ദേശപ്രകാരം റഗുലറൈസേഷൻ പ്ലാൻ തയ്യാറാക്കി ഹാർഡ് കോപ്പി രൂപത്തിലും K Smartമുഖേനയും ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സസമർപ്പിച്ചിട്ടുണ്ട്. ടി പ്ലാൻ LSGDഅസി. എഞ്ചിനിയർ പരിശോധിച്ച് സെക്രട്ടറിക്ക് നൽകിയിട്ടുണ്ട്.

**അദാലത്ത് തീരുമാനം**

അദാലത്ത് സമിതിയുടെ കൺവീനർ IVO 3, അംഗങ്ങളായ അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, അസിസ്റ്റന്റ് ടൌൺ പ്ലാനർ എന്നിവർ പരാതി സംഗതി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, അസിസ്റ്റന്റ് എഞ്ചിനീയറും അപേക്ഷകന്റെ പ്രതിനിധിയും അദാലത്തിൽ ഹാജരായി. ജില്ലാ ടൌൺ പ്ലാനറുടെ നിർദേശ പ്രകാരം അപേക്ഷകൻ തയ്യാറാക്കി സെക്രട്ടറിക്ക്സമർപ്പിച്ചിട്ടുള്ള റഗുലറൈസേഷൻ പ്ലാൻ ജില്ലാ ടൌൺ പ്ലാനർക്ക് സമർപ്പിക്കുന്നത് സംബന്ധിച്ചാണ് പരാതി സംഗതി. ടി വിഷയം പരിശോധിച്ച് അദാലത്ത് സമിതി ജില്ലാ ടൌൺ പ്ലാനറുടെ സൂചന കത്തിലെ 24ാം ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പരാതിക്കാരനെയും അപേക്ഷകനെയും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നേരിൽ കേട്ട് ഇരുവർക്കും ഇതുസംബന്ധിച്ച് എന്തെങ്കിലും രേഖകൾ ഹാജരാക്കാനുണ്ടെങ്കിൽ ആയതും കൂടി പരിശോധിച്ച് സിസിലി ജിജി & ജിജി സ്കറിയ സമർപ്പിച്ചിട്ടുള്ള റഗുലറൈസേഷൻ പ്ലാൻ സെക്രട്ടറിയുടെ റിപ്പോർട്ട് സഹിതം കാലതാമസം കൂടാതെ ജില്ലാ ടൌൺ പ്ലാനർക്ക് തുടർ നടപടികൾക്കായി നൽകുന്നതിനു ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് നിർദേശം നൽകി കൊണ്ട് ഫയൽ തീർപ്പാക്കി തീരുമാനിച്ചു.

ABDULSAMAD P.M.
PEN - 578457
Assistant Director
(Internal Vigilance Officer)
O/o. The District Joint Director
LSGD, Idukki, Kuyilimala-685603